കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksa.kerala.gov.in

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

2015-16 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/3400/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തീയ്യതി

25.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / ( സെക്രട്ടറി മുഖേന)

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്
- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.15/34002016 തീയ്യതി 25.01.2017

<u>മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ</u>
<u>2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -

വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.07.2016 മുതൽ 6.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് പരിശോധിച്ചു. പണം ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ 31.10.2016 വരെയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.എസ്. ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 5.12.2016 മുതൽ 19.12.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൽ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.യൂസഫ്.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ഖദീജ.പി.പി | 01.04.2015 മുതൽ 31.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015 മുതൽ 10.11.2015 വരെ |
| ശ്രീ. അബ്ദുൽ സലാം. സി | 11.11.2015 മുതൽ 31.3.2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ടി.കെ.ബാബു | 01.04.2015മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ടി.കെ.ബാബു | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.സുരേന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ഭജീഷ്.കെ | 01.04.2015 മുതൽ 13.11.2015 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അരുൺ.ആർ | 14.11.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പ്രീത.എം.ഡി | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.മഹേഷ്.ഒ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.അലക്സി. ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഉഷാദേവി.കെ, | 01.04.2015 മുതൽ 6.7.2015 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ: ഹാഷിം.പി.പി | 07.7.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സമീറ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.പത്മിനി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രേമ.എൻ | 01.04.2015 മുതൽ 3.01.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീജ ജോസഫ് | 04.01.2016 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 11 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല. | 2-1 | |
| 12 | തലക്കടത്തുർ മാർക്കറ്റ് പീടിക മുറികളുടെ വാടക ഈടാക്കിയില്ല. | 2-2 | |
| 13 | ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം | 2-3 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | IAY വിഹിതം അടവാക്കൽ മുഴവൻ തുകയും ചെലവഴിച്ചില്ല. | 3-1 | |
| 14 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-2 | |
| 15 | തനത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ റീക്കുപ്പ് -സംബന്ധിച്ച് | 3-3 | |
| 16 | മരം മുറിച്ച് മാറ്റിയത് ലേലം ചെയ്യാത്തത് -സംബന്ധിച്ച് | 3-4 | |
| 17 | അംഗീകാരമില്ലാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി | 3-5 | |

| | | | |
|---|---|---|---|
| 18 | മുമ്പ് സ്കൂട്ടർ ലഭിച്ച വ്യക്തി ആനുകൂല്യത്തിന് അപേക്ഷിച്ചു | 3-6 | |
| 19 | ആട്ട വിതരണം - സബ്സിഡി തുക ഗുണഭോക്താവിനു നേരിട്ടു നൽകി | 3-7 | |
| 20 | മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-8 | |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു അവലോകനം | 3-9 | |
| ഭാഗം.4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 23 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 31 | അനുബന്ധ പത്രിക – ഓഡിറ്റ് സാക്ഷ്യപത്രം | | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 24.3.2015 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2015-16 ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും പരിശോധിച്ചതിൽ ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാൻറും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

വിശദവിവരം ചുവടെ

| ക്രമ നം | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാൻറ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 4000000 | 2586335 | 1413665 |
| 2 | തൊഴിൽ നികുതി | 1200000 | 703760 | 49624 |

| | | | | |
|---|---|---|---|---|
| 3 | D&O | 200000 | 48850 | 151150 |
| 4 | പെർമിറ്റ് ഫീ | 300000 | 85222 | 214778 |
| 5 | വാടക | 25000 | 26415 | -1415 |

വാടക ഒഴികെയുള്ള ഇനങ്ങൾ ബജറ്റ് നിർദ്ദേശത്തേക്കാളും വളരെ കുറഞ്ഞ തുകയാണ്.ഡിമാന്റായി ഉൾപ്പെടുത്തുന്നത്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത രീതിയിലാണ് തയ്യാറാക്കുന്നത് എന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.ബജറ്റ് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നരീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 20.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 8.12.2016 | നം,കെ,എസ്.എ.എം.പി.എം.15/3400/2016 തീയ്യതി 12/2016 |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ.

1. *വസ്തുനികുതി, തൊഴിൽ നികുതി, എന്നിവയുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.*

2. വാർഷിക കണക്ക് ഷെഡ്യൂൾ B-12 പ്രകാരം 6100 രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. എന്നാൽ 5000 രൂപയുടെ ഇൻവെസ്റ്റ്മെന്റ് രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

3. RP-4, RP-5 എന്നീ ഷെഡ്യൂളുകളിലെ വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4. മുൻ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15973341 |
| വരവ് | 31885210 |
| ആകെ | 47858551 |
| ചെലവ് | 39857378 |
| നീക്കിയിരിപ്പ് | 8001173 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2804182 | 3602256 | 8267054 | 14673492 | 10106178 | 4567314 | 31.63 |
| വികസനഫണ്ട് എസ്.സി.പി. | 231000 | (-)231000 | 977000 | 977000 | 300000 | 677000 | 30.71 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 312065 | 184000 | 3530000 | 4026065 | 3502622 | 523443 | 87 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 187372 | (-) 184000 | 2722000 | 2725372 | 2429894 | 295488 | 89.16 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1488371 | (-) 2568611 | 5971728 | 4891488 | 4671421 | 220067 | 95.5 |
| പെർഫോമൻസ് ഗ്രാന്റ് | 2958518 | (-) 802645 | 802645 | 2958518 | 2934537 | 23981 | 99.19 |
| എ.എൻ.ആർ.ഇ .ജി.എസ്. | 31197 | 0 | 2320332 | 2351529 | 2351093 | 436 | 99.98 |
| ബി ഫണ്ട് | 0 | 0 | 23935695 | 23935695 | 23935695 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 152 | 43005950 | 131 | 30591509 | 8 | 21 | 71.13 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം42.96ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4347784 | 2193549 | (-) 2154235 | (-)49.55% |
| നികുതിയേതര വരവുകൾ | 678424 | 673371 | (-) 5053 | (-) 0.7% |
| ആകെ | 5026208 | 2866920 | (-)2159288 | 42.96 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11400 | |
| കർഷകതൊഴിലാളി പെൻഷൻ | 409170 | |
| വിധവാപെൻഷൻ | 9882080 | |
| വാർദ്ധക്യകാലപെൻഷൻ | 10048350 | |
| വികലാംഗപെൻഷൻ | 3314095 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.12.2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11384രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.11.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.3.2011- 14.3.2011 | 2005-06 TO 2009-10 | 30.4.2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉണ്ടാകുന്നില്ല.

2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ ചട്ടം 26(1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ,ആക്ടിലെ 207 വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവു വിളക്കുകളും ഡ്രൈനേജും സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ,ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ തെരുവ് വിളക്ക് ,ജലവിതരണം , ,എന്നീ സേവനങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഇത്തരത്തിലുള്ള നികുതികൾ ചുമത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലോ ഭരണസമിതിയുടെ ഭാഗത്തുനിന്നോ യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. അതുപോലെ പരസ്യ നികുതി ചുമത്തുന്നതായി കാണുന്നില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നികുതികൾ ചുമത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## 2-2 -തലക്കടത്തൂർ മാർക്കറ്റ് പീടിക മുറികളുടെ വാടക ഈടാക്കേണ്ടതാണ്

തലക്കടത്തൂർ മാർക്കറ്റിലെ 3 മുറികൾ 18.3.15 ൽ ലേലം ചെയ്തത് അനുസരിച്ച് ശ്രീ. റിയാസ് S/O ബീരാൻകുട്ടി,പറങ്ങോടത്ത് എന്നവർ 380 രൂപ പ്രതിമാസം വാടകക്ക് എടുത്തിട്ടുണ്ട്(വാടക രജിസ്റ്റർ പേജ് 56,മുറികളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല).എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ 1/2016,2

/2016,3/2016 മാസങ്ങളിലെ വാടക 3420 രൂപ(380x3x3)അടവാക്കിയതായി കാണുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 IAY വിഹിതം അടവാക്കൽ മുഴുവൻ തുകയും ചെലവഴിച്ചില്ല.

IAY (ജനറൽ) വിഹിതം 31പേർക്കായി 620000 രൂപയും (ബിൽ നം.3/16.6.15) SCP വിഹിതമായി 10 പേർക്ക് 200000രൂപയും (ബിൽ നം.24/29.1.16)ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്.എന്നാൽ ബ്ളോക് പഞ്ചായത്തിൽ നിന്നും ഹാജരാക്കിയ വിനിയോഗസാക്ഷ്യപത്രപ്രകാരം ജനറൽ വിഭാഗത്തിൽ 420000 രൂപയും ,SCP വിഭാഗത്തിൽ 80000 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ബാക്കി ജനറൽ വിഭാഗത്തിലുള്ള 200000 രൂപയും SCP വിഭാഗത്തിലെ 120000രൂപക്കും എഗ്രിമെൻറ് വെച്ച് ഭവന നിർമ്മാണം തുടങ്ങാനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം 320000 രൂപ ബ്ളോക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ് .

## 3-2 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സമൂഹത്തിൽ എറ്റവും ദാരിദ്ര്യം അനുഭവിക്കുന്നവരും നിരാലംബരും നിരാശ്രയരുമായ ജന വിഭാഗങ്ങൽക്കായി സർക്കാർ വിഭാവനം ചെയ്ത ആശ്രയ പദ്ധതി ഗ്രാമ പഞ്ചായത്തിൽ പൂർണ്ണാർത്ഥത്തിൽ നടപ്പിലാക്കിയില്ല.

2011വർഷത്തിൽ 9876950രൂപ വകയിരുത്തി ആരംഭിച്ച പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല.2017 മാർച്ചുരെ കാലാവധിയുള്ള പദ്ധതിക്ക് 2016 നവംബർ വരെ 4465156രൂപ മാത്രമാണ് പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുള്ളത്. സ്വയം തൊഴിൽ ,ഭൂമി. കുടിവെള്ളം,കക്കൂസ്,വൈദ്യുതി എന്നിവയിൽ ആർക്കും തന്നെ സഹായം നൽകിയിട്ടില്ല. ആശ്രയ പദ്ധതി അക്കൗണ്ടിൽ നവംബർ 2016-ൽ 150811 രൂപയാണ് അവശേഷിക്കുന്നത്. ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പദ്ധതിയുടെ നാളിത് വരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഗുണഭോക്താക്കൾ | ധനസഹായം ലഭ്യമായത് | വകയിരുത്തിയത് | ചെലവ് |
|---|---|---|---|---|
| വീടിന് സ്ഥലം | 13 | - | 975000 | - |
| വീട് | 49 | 21 | 6125000 | 3650000 |
| വീട് റിപ്പയർ | 71 | 40 | 355000 | 200000 |
| കക്കൂസ് | 61 | - | 366000 | - |
| കുടിവെള്ളം | 40 | - | - | -- |
| ഭക്ഷണം<br>ചികിത്സ<br>വിദ്യാഭ്യാസം | 136<br>82<br>44 | | 1342800<br>321650<br>193950<br>----------<br>1858400 | 503376 |
| വസ്ത്രം | 90 | | 150550 | 85000 |
| വൈദ്യുതി | 27 | - | - | - |
| സ്വയം തൊഴിൽ | 48 | - | - | - |

## 3-3 തനത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ റീക്കുപ്പ് -സംബന്ധിച്ച്

2015-16 തുടർ വിദ്യാകേന്ദ്രം ഇരിങ്ങാവൂരിലെ അസി.പ്രേരക് ശ്രീമതി വി എന്നവർക്ക് വേതനമായി താഴെപ്പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുണ്ട്

| വൗച്ചർ നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21500222/7.7.15 | 12000 | 12/14 മുതൽ 4/15 വരെയുള്ള വേതനം |
| 21500455/29.10.15 | 10500 | 5/15 മുതൽ 8/15 വരെയുള്ള വേതനം,ഫെസ്റ്റിവൽ അലവൻസ് |

മേൽ ചെലവഴിച്ച തുകകൾ തനത് ഫണ്ടിലേക്ക് റീക്കുപ് ചെയ്തിട്ടില്ല.തുക റീക്കുപ്പ് ചെയത് വിവരം അറിയിക്കേണ്ടതാണ്.

## 3-4 മരം മുറിച്ച് മാറ്റിയത് ലേലം ചെയ്യാത്തത് -സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ 79 ാം നമ്പർ അംഗനവാടി,വെറ്റിനറി ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ മരം മുറിച്ച് മാറ്റിയതിന് ശ്രീ സൈതലവി N.V ഇരിങ്ങാവൂർ എന്നയാൾക്ക് 12000 രൂപ നൽകിയിട്ടുണ്ട് (വൗച്ചർ നം.21500273/6.8.15).മുറിച്ച് മാറ്റിയ മരം നാളിതുവരെയായും ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽ കൂട്ടിയിട്ടില്ല.മരം ലേലം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-5 അംഗീകാരമില്ലാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തി

പ്രോജക്ട് : SO 130/16, ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

ട്രഷറി ചെക്ക് നം. : SB/GJ No.4555784/ 19.1.16

തുക : 51975/- ഫണ്ട് : തനത് ഡി.ഡി.നം. 882706/ 21.1.16

പ്രസ്തുത പ്രോജക്ട് പ്രകാരം 18 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. വോളീ ബോൾ+നെറ്റ്, ഷട്ടിൽ ബാഡ്മിന്റൺ റാക്കറ്റ്+കോക്ക്+നെറ്റ്, ക്രിക്കറ്റ് ബാറ്റ്+ബോൾ(2),ഫുട്ബോൾ എന്നിവയടങ്ങിയതാണ് കിറ്റ്. മഞ്ചേരി പോളോ സ്പോർട്സിൽ നിന്നാണ് ക്വട്ടേഷൻ നടപടികളെ തുടർന്ന് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ 35 ക്ലബ്ബുകളുടെ പേരു വിവരമടങ്ങിയിട്ടുണ്ട്.

ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളിൽ വരുന്ന ഇനമല്ല. അതിനു പുറമെ കിറ്റുകൾ നൽകിയ ക്ലബ്ബുകളിൽ 05 എണ്ണം മാത്രമാണ് നെഹ്റു യുവ കേന്ദ്ര / സ്പോർട്സ് കൗൺസിലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത്.YMCA ഓവുങ്ങൽ,തണൽ സാംസ്കാരിക വേദി ചെനപ്പുറം, ന്യൂ സ്റ്റാർ കുറുക്കോൾ, മിഡ് ലാന്റ് ആർട്സ് &സ്പോർസ് ക്ലബ്ബ് ചുടലപ്പുറം, ജവഹർ ആർട്സ് & സ്പോർസ് ക്ലബ്ബ് എന്നിവയാണവ. രജിസ്ട്രേഷൻ രേഖകൾ സമർപ്പിക്കാത്ത ക്ലബ്ബുകൾ സ്ഥിരമായും വ്യവസ്ഥാപിതമായും കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നവയാണെന്ന് ഉറപ്പിക്കാനാവില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഈസ്റ്റ് ആർട്സ് &സ്പോർസ് ക്ലബ്ബ് കുറുങ്കാട്,സൂപ്പർ കിങ്സ് ആർട്സ് &സ്പോർസ് ക്ലബ്ബ് പറപ്പൂത്തടം എന്നിവ രജിസ്ട്രേഷൻ രേഖകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും കിറ്റുകൾ നൽകിയിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെടാത്ത സ്പോർട്സ് കിറ്റ് വിതരണം എന്ന ഇനം ഏറ്റെടുത്ത് നടത്തിയത് സംബന്ധിച്ചും രജിസ്ട്രേഷൻ രേഖകൾ സമർപ്പിക്കാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തിയത് സംബന്ധിച്ചും രജിസ്ട്രേഷൻ രേഖകൾ സമർപ്പിച്ച ക്ലബ്ബുകളെ തഴഞ്ഞത് സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം.01/07.12.2016മുഖേന വിശദീകരണം ആരാഞ്ഞുവെങ്കിലും ലഭ്യമാക്കിയില്ല. രജിസ്ട്രേഷൻ രേഖകൾ സമർപ്പിക്കാത്ത ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിനായി ചെലവ് ചെയ്ത 37538/-രൂപ (51975/18x13) തടസ്സം ചെയ്യുന്നു.

## 3-6 മുമ്പ് സ്കൂട്ടർ ലഭിച്ച വ്യക്തി ആനുകൂല്യത്തിന് അപേക്ഷിച്ചു

പ്രോജക്ട് : SO 044/ 16 ; സ്കൂട്ടർ വിത്ത് സൈഡ് വീൽ

പ്രസ്തുത പ്രോജക്ട് പ്രകാരം 29 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് 04/08/15 ലെ 07/15 നമ്പർ തീരുമാനപ്രകാരം

ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ആയതിലെ ക്രമ നമ്പർ 5. ശ്രീ അയ്യപ്പൻ നമ്പിടിവീട്ടിൽ എന്ന അപേക്ഷകന് ഗ്രാമ പഞ്ചായത്തിൽ നിന്നും മുമ്പ് സൈഡ് വീൽ സ്കൂട്ടർ നൽകിയിട്ടുള്ളതിനാൽ ആനുകൂല്യത്തിന് പരിഗണിക്കാതെ അടുത്ത ക്രമ നമ്പറുകാരന് സ്കൂട്ടർ നൽകിയിട്ടുണ്ട്.പ്രസ്തുത വിവരം രേഖപ്പെടുത്തിയ ഓഫീസ് കുറിപ്പ് ഫയലിൽ ശ്രീ അയ്യപ്പന് ഏത് വർഷമാണ് ആനുകൂല്യം നൽകിയതെന്ന് വ്യക്തമാക്കിയിട്ടില്ല.

സ്കൂട്ടർ വിൽപന നടത്താനോ ദുരുപയോഗം ചെയ്യാനോ പാടില്ലെന്നും ക്രമക്കേടുകൾ ശ്രദ്ധയിൽ പെടുന്ന പക്ഷം സ്കൂട്ടർ പിടിച്ചെടുക്കുന്നതും കഷ്ടനഷ്ടങ്ങൾക്ക് ഗുണഭോക്താവ് മാത്രമായിരിക്കും ഉത്തരവാദിയെന്നും വ്യക്തമാക്കുന്ന വ്യവസ്ഥയടങ്ങിയ കരാർ ഗുണഭോക്താവിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതുണ്ട്. ശ്രീ അയ്യപ്പന് മുമ്പ് നൽകിയ സ്കൂട്ടർ വില്പന നടത്തുകയോ മറ്റ് ദുരുപയോഗത്തിനു വിധേയമാക്കിയോ എന്ന് അന്വേഷണം നടത്തിയ വിവരമൊന്നും ഫയലിൽ രേഖപ്പെടുത്തി കാണുന്നില്ല.

ശ്രീ അയ്യപ്പന് ഏത് വർഷമാണ് സ്കൂട്ടർ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയതെന്ന പ്രോജക്ട് വിശദാംശങ്ങളുൾപ്പെടെയുള്ള വിവരവും ടിയാനുമായി ചമച്ച കരാറും അദ്ദേഹത്തിന് മുമ്പ് നൽകിയ സ്കൂട്ടർ നിലവിൽ ആര് എങ്ങിനെ ഉപയോഗപ്പെടുത്തുന്നുവെന്ന വിവരവും ലഭ്യമാക്കുന്നതിന് /14.12.2016 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങളും സ്കൂട്ടർ ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ ആയതിനെതിരെ സ്വീകരിച്ച നിയമാനുസൃത നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-7 ആട്ട വിതരണം - സബ്സിഡി തുക ഗുണഭോക്താവിനു നേരിട്ടു നൽകി

പ്രോജക്ട് നം. : 109/16, ആട്ട വിതരണം (വനിത-ജനറൽ)

ബിൽ നം. : 02/15-16 തി.03.03.16 തുക : 45,000/-

: 06/15-16 തി.22.03.16 തുക : 27,000/-

: 08/15-16 തി.23.03.16 തുക : 27,000/-

പ്രസ്തുത പ്രോജക്ട് പ്രകാരം 11ഗുണ ഭോക്താക്കൾക്ക് 9000/-രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താവും 3 ആടുകൾ വീതം വാങ്ങുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ ആടുകളെ നേരിട്ട് വാങ്ങിയിരിക്കുകയാണ്. പദ്ധതി മാർഗ്ഗ രേഖ [16.11.13 ലെ ജി.ഒ.(എം.എസ്).നം.362 /13/ത.സ്വ.ഭ.വ. അനുബന്ധം 16 ഖണ്ഡിക.2.7,2.8] പ്രകാരം ആടുകളെ നേരിട്ട് വാങ്ങുന്ന സംഗതിയിൽ ആരിൽ നിന്നാണോ ആടുകളെ വാങ്ങുന്നത് അവരുടെ പേരിൽ ഡി.ഡി.യോ അക്കൗണ്ട് പേയീ ചെക്കോ മുഖേനയാണ് സബ്സിഡി തുക നൽകേണ്ടത്. ഗുണഭോക്താവ് പദ്ധതി പണം ആടുകളെ വാങ്ങുന്നതിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഈ നടപടി അനിവാര്യമാണ്. എന്നാൽ പ്രോജക്ട് പ്രകാരം സബ്സിഡി തുക ഡി.ഡി.മുഖേന നൽകിയിട്ടുള്ളത് ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണ്.

മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് ഉചിതമായ നടപടിയല്ല.പദ്ധതി പ്രവർത്തനങ്ങളിൽ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായ നടപടികൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-8 മരുന്ന് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് : SO 107/16; ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ബിൽ നം : 2/15-16 / 17.03.16 തുക : 1,00,000/- [MG(NR)]

പ്രസ്തുത പ്രോജക്ട് പ്രകാരം 31ഇനം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ഹോമിയോ സഹകരണ ഫാർമസി ആലപ്പുഴയുടെ PF 991/ 19.12.2015 നമ്പർ ഇൻവോയ്സ് പ്രകാരമുള്ള 1,00,000/- രൂപ 190265/21.3.2016 ഡി.ഡി.മുഖേന നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള യാതൊരു മരുന്നും നാളിതുവരെ ലഭ്യമായിട്ടില്ല.ഡിസ്പെൻസറിയിൽ മരുന്ന് ദൗർലഭ്യം നേരിടുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിക്കുകയുണ്ടായി. മരുന്ന് ലഭ്യമാക്കേണ്ടതിന് 05/10/16; 24.11.16 തീയതികളിൽ ഹോംകോയ്ക്ക് മെഡിക്കൽ ഓഫീസർ കത്തുകളയിച്ചിട്ടുണ്ടെങ്കിലും ഫലം കണ്ടിട്ടില്ല. ഹോംകോയ്ക്ക് തുക കൈമാറുന്ന വേളയിൽ അവരുമായി കരാർ ചമച്ചിട്ടില്ല.സർക്കാരിന്റെ കീഴിലുള്ള ആരോഗ്യ സംവിധാനങ്ങളെ ആശ്രയിക്കുന്ന സാധാരണക്കാർക്ക്

മരുന്ന് ദൗർലഭ്യം പ്രയാസം സൃഷ്ടിക്കുന്നതാണ്. ആരോഗ്യ വകുപ്പ് പ്രാഥമിക സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വിതരണം നടത്താതെ വരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും.

ഉചിതമായ നിബന്ധനകളുൾപ്പെടുത്തിയ കരാർ ഹോംകോയുമായി ചമയ്ച്ചതിനു ശേഷം മാത്രം തുക കൈമാറുന്നതിന് ശ്രദ്ധിക്കേണ്ടതും ഹോംകോ മരുന്ന് ലഭ്യമാക്കുന്നതിൽ വരുത്തുന്ന കാലവിളംബം യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിനും കരാർ പ്രകാരമുള്ള നഷ്ട പരിഹാരം ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ. പദ്ധതി നിർവ്വഹണം ഒരു വിശകലനം

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 84 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 75 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികളിൽ 10% ശതമാനം നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 41.83%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 52.95% ചെലവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെതാണ്.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വ്രഷത്തിൽ ഉണ്ടായിരുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് മറ്റൊരു ഗ്രാമ പഞ്ചായത്തിലും ചുമതലയുണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതിനാൽ പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, ചെയ്ത പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. മാത്രമല്ല മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തതിനാൽ പഞ്ചായത്തിന്റെ പദ്ധതി പണം ഏകദേശം 1794260രൂപ ലാപ്സാവുന്നതിനും ഇടയാക്കി. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങൾ ഗ്രാമ സഭകളിൽ നിന്നും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽകുന്നതിനും കാരണമാകുന്നതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 43005950 | ആകെ അടങ്കൽ | 17991342 | 41.83% |
| ചെലവ് | 30591509 | ചെലവ് | 16197082 | 52.95% |
| ശതമാനം | 71.13% | ശതമാനം | 90% | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

-ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം ജില്ലാ പഞ്ചായത്ത് എംപ്ലോയീ കോ-ഓപ്പെറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.M.567 100 രൂപ വിലയുള്ള 50 ബി ക്ലാസ്സ് ഷെയറുകൾ | 5000 |
| ആകെ | 5000 |

വാർഷിക കണക്ക് പ്രകാരം (ഷെഡ്യൂൾ B-12)6100 രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ടെങ്കിലും 5000 രൂപയുടെ നിക്ഷേപത്തിന്റെ വിശദാംശങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്.

## 4-6 ഓഡിറ്റ് റിക്കവറി.

-ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33,34,35,36 | 2003-04 | മറ്റ് പരാമർശങ്ങൾ എന്നതിൽ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 2010-11 | 3(19) | 2013-14 | ലഘു അവലോകനം | | - ടി - |
| 2011-12 2012-13 | 3(1) | 2015-16 | വെള്ളക്കരം – അവലോകനം | | – ടി – |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47858551 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39857378 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3420 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 49538 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3420 | | ശ്രീ.ടി.കെ ബാബു. സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 12000 | ശ്രീ.ടി.കെ ബാബു. സെക്രട്ടറി |
| 3-5 | 37538 | ശ്രീമതി. പത്മിനി ഹെഡ് മിസ്ട്രസ്സ് |
| ആകെ | 49538 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം. ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ. ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.കെ ബാബു. സെക്രട്ടറി | സെക്രട്ടറി, വളവന്നൂർ ഗ്രാമ പഞ്ചായത്ത് | മദീന, മുയുപ്പോത്ത് പി.ഒ, മേപ്പയൂർ വഴി, കോഴിക്കോട്. 673524 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 | 7.10.2010 | 5 |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.എം.15/622/02 | 7.10.2010 | 16 |
| 1998-99 | എൽ.എഫ്.എം.15/740/04 | 7.10.2010 | 33 |
| 1999-00 | എൽ.എഫ്.എം.8/850/04 | 7.10.2010 | 19 |
| 2000-01 | എൽ.എഫ്.എം.15/894/04 | 7.10.2010 | 27 |
| 2001-02 (വരവ്) | എൽ.എഫ്.എം.15/1489/08 | 7.10.2010 | 13 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/139/08 | 7.10.2010 | 2 |
| 2002-03 | എൽ.എഫ്.എം.15/140/08 | 7.10.2010 | 8 |
| 2003-04 | എൽ.എഫ്.എം.11/141/08 | 7.10.2010 | 11 |
| 2004-05 | എൽ.എഫ്.എം.11/409/09 | 22.10.2011 | 11 |
| 2005-06 | എൽ.എഫ്.എം.11/100/10 | 20.8.2010 | 9 |
| 2006-07 | എൽ.എഫ്.എം.11/101/10 | 20.8.2010 | 11 |
| 2007-08 | എൽ.എഫ്.എം.15/478/11 | 11.07.2011 | 22 |
| 2008-09 | എൽ.എഫ്.എം.15/1179/11 | 06.08.2011 | 27 |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13 | 13.12.2013 | 28 |
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016 | 02.03.2016 | 20 |
| 2013-14 , 2014-15 | കെ.എസ്.എ. എം. പി. എം.15/2013/2016 | 3.8.2016 | 8 |

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സാക്ഷ്യപത്രം 2015-16

കെ എസ് എ എം പി എം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം